
# പ്രധാൻ മന്ത്രി
# കൗശൽ വികാസ് യോജന
# (2016–2020)
# കൈപ്പുസ്തകം



**പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്**

PMKVY (2.0)

**കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്** (KASE)

**സംസ്ഥാന നൈപുണ്യ വികസന മിഷൻ**

**തൊഴിലും നൈപുണ്യവും വകുപ്പ്**

**കേരള സർക്കാർ**

# പ്രധാൻ മന്ത്രി
# കൗശൽ വികാസ് യോജന
## (2016–2020)

# കൈപ്പുസ്തകം

**പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്**
PMKVY (2.0)
**കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്** (KASE)

KASE
KERALA ACADEMY FOR SKILLS EXCELLENCE
Skill Development Mission of Government of Kerala

**സംസ്ഥാന നൈപുണ്യ വികസന മിഷൻ**
**തൊഴിലും നൈപുണ്യവും വകുപ്പ്**
**കേരള സർക്കാർ**

## ഉള്ളടക്കം


1 പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (2016-2020)

2 PMKVY-യുടെ പ്രധാന ഘടകങ്ങൾ

- i സവിശേഷ പദ്ധതികൾ (Special Projects)
- ii ആർജ്ജിത വിജ്ഞാനത്തിനുള്ള (Prior Learning) അംഗീകാരം
- iii ഹ്രസ്വകാല പരിശീലനം (Short Term Training)

3 ലക്ഷ്യമിടുന്ന ഗുണഭോക്താക്കൾ

4 ഗുണഭോക്തൃ സമാഹരണപ്രവർത്തനങ്ങൾ (Mobilisation Activities)

5 കൗശൽ മേളകളും റോസ്ഗാർ മേളകളും

6 ഫ്രാഞ്ചൈസി കേന്ദ്രങ്ങൾ

7 ധനവിതരണ സംവിധാനം (Payout Mechanism)

8 ബയോമെട്രിക് ഹാജർ സംവിധാനം

9 ബ്രാൻഡിംഗ്

10 പരിശീലന കേന്ദ്രങ്ങളുടെ അംഗീകാരവും അഫിലിയേഷനും

11 സ്മാർട്ട് പ്രോസസ് (SMART Process)

12 പേര് ചേർക്കൽ, പരിശീലനം, പാഠ്യപദ്ധതി

13 നിരീക്ഷണം (Monitoring)

14 മൂല്യനിർണയവും സർട്ടിഫിക്കേഷനും

15 പുനർമൂല്യനിർണയം

16 തൊഴിൽ മാർഗനിർദ്ദേശങ്ങൾ (Placement Guidelines)

17 യോഗ്യരായ പരിശീലന പങ്കാളികൾ (Eligible Training Partners)

18 ടാർഗറ്റ് വിതരണ രീതി (Target Allocation Methodology)

# പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന
# (2016–2020)

പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (2016-2020) അഥവാ PMKVY 2.0 എന്നത് PMKVY 2015-2016-ന്റെ പുതുക്കിയ പതിപ്പാണ്. സൃഷ്ടിപരമായ നൈപുണ്യ പരിശീലനം ലക്ഷ്യമാക്കി കേന്ദ്ര നൈപുണ്യവികസന സംരഭകത്വ മന്ത്രാലയം നടപ്പാക്കുന്ന പ്രമുഖ പദ്ധതിയാണ് ഇത്. തൊഴിലും വരുമാനമാർഗവും നേടാൻ രാജ്യത്തെ അനേകലക്ഷം യുവജനങ്ങളെ പ്രാപ്തരാക്കുന്നതിന് വിവിധതരം നൈപുണ്യാധിഷ്ഠിത സർട്ടിഫിക്കറ്റുകൾ പ്രസ്തുത പദ്ധതിയിലൂടെ നൽകിവരുന്നു.

രാജ്യത്തെ മുഴുവൻ യുവാക്കൾക്കും പ്രയോജനപ്പെടും വിധം പൊതുമാനദണ്ഡങ്ങൾക്ക് വിധേയമായി നൈപുണ്യവികസനം പ്രോത്സാഹിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശം. പദ്ധതിയുടെ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ ഇനിപറയുന്നു:

- രാജ്യത്തെ യുവാക്കളിൽ ബഹുഭൂരിപക്ഷത്തിനും തൊഴിൽ നേടുന്നതിനും ഉപജീവനമാർഗം കണ്ടെത്തുന്നതിനും ഉപകാരപ്പെടുന്ന ഗുണമേന്മയുള്ളതും വ്യാവസായികാധിഷ്ഠിതവുമായ നൈപുണ്യപരിശീലനം സാധ്യമാക്കുക.
- നിലവിലുള്ള തൊഴിലാളികളുടെ കർമ്മശേഷി വർദ്ധിപ്പിച്ചുകൊണ്ട് രാജ്യത്തിന്റെ ഇന്നത്തെ ആവശ്യങ്ങൾക്ക് അനുസൃതമായി നൈപുണ്യ പരിശീലനത്തെ പ്രയോജനപ്പെടുത്തുക.
- ഒരു നൈപുണ്യ രജിസ്ട്രി ഉണ്ടാക്കുന്നതിലേക്ക് മൂല്യനിർണയ പ്രക്രിയകളുടെ (Certification) ഏകീകരണം പ്രോത്സാഹിപ്പിക്കുക.
- നാലുവർഷത്തിനുള്ളിൽ (2016-2020) 10 ദശലക്ഷം യുവാക്കൾക്ക് പ്രയോജനം നൽകുക.

## PMKVY സ്കീമിന്റെ മുഖ്യ ഘടകങ്ങൾ ഏതൊക്കെ?

1 പ്രത്യേക പദ്ധതികൾ (Special Projects)
2 ആർജ്ജിതവിജ്ഞാനത്തിന് അംഗീകാരം (Recognition of Prior Learning)
3 ഹ്രസ്വകാല പരിശീലനം (Short Term Training)

## സവിശേഷ പദ്ധതികൾ (Special Projects)

സർക്കാർ സംരംഭങ്ങൾ, കോർപറേറ്റുകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവ

യിലോ അല്ലാതെയോ സവിശേഷ മേഖലകളിൽ നൽകുന്ന പരിശീലനങ്ങളും ദേശീയ തൊഴിൽ മാനദണ്ഡങ്ങളിലും (National Occupational Standards - NOSs) നിലവിലുള്ള യോഗ്യതാഗണത്തിലും (Qualification Packs - QPs) ഉൾപ്പെടാത്ത മറ്റ് സവിശേഷ തൊഴിലുകലുമുള്ള പരിശീലനം ഉൾപ്പെടുന്നതാണ് സവിശേഷ പരിശീലന പദ്ധതി. ഹ്രസ്വകാല പരിശീലനങ്ങൾക്ക് ബാധകമായ നിബന്ധനകളിൽനിന്ന് അൽപം വ്യതിചലിച്ചുകൊണ്ടാണ് സവിശേഷ പരിശീലന പദ്ധതി നടത്തുന്നത്. തങ്ങളുടെ തൊഴിലാളികൾക്ക് പരിശീലനം നൽകാൻ ആഗ്രഹിക്കുന്ന സംസ്ഥാന/കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ/സ്വാശ്രയസ്ഥാപനങ്ങൾ/നിയമാധിഷ്ഠിത സമിതികൾ/തത്തുല്യമായ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് സവിശേഷ പദ്ധതികളുടെ ഗുണഭോക്താക്കളാകാൻ സമീപിക്കാവുന്നതാണ്.

## PMKVY-യുടെ പ്രത്യേക പദ്ധതികൾ യഥാർത്ഥത്തിൽ എന്താണ്?

ബന്ധപ്പെട്ട നിബന്ധനകൾകാരണം ഹ്രസ്വകാല പരിശീലനം അസാധ്യമായിട്ടുള്ള നവീന പരിശീലന പരിപാടികൾ സന്ദർഭോചിതമായി സവിശേഷ പദ്ധതികളിൽ ഉൾപ്പെടുത്തി നൽകാവുന്നതാണ്.

## പ്രത്യേക പദ്ധതികളുടെ ലക്ഷ്യങ്ങൾ എന്താണ്?

- പാർശ്വവത്ക്കരിക്കപ്പെടുന്നവരും, ചൂഷിതരുമായ ജനവിഭാഗങ്ങളെ പരിശീലനം നേടാൻ പ്രോത്സാഹിപ്പിക്കുക
- സർക്കാർ സ്ഥാപനങ്ങൾ, കോർപറേറ്റുകൾ, വ്യവസായ സമിതികൾ എന്നിവിടങ്ങളിൽ പരിശീലനം പ്രോത്സാഹിപ്പിക്കുക

## പ്രത്യേക പദ്ധതിയായി ഒരു പരിശീലന പരിപാടിയെ കരുതാനുള്ള യോഗ്യത എന്താണ്?

പ്രത്യേക പദ്ധതിയായി അംഗീകരിക്കപ്പെടുന്നതിന് ചുവടെ പറയുന്ന ഏതെങ്കിലും മാനദണ്ഡങ്ങൾ പാലിക്കപ്പെടേണ്ടതാണ്:

- നിലവിലുള്ള PMKVY തൊഴിൽ സാധ്യതകൾക്ക് പുറമെയുള്ള തൊഴിലുകൾ നേടുന്നതിന്
- പരിശീലന ദാതാവ് (Training Provider) 80%-മോ അതിലധികമോ കാപ്റ്റീവ് പ്ലെയ്സ്മെന്റ് (സ്വന്തം സ്ഥാപനത്തിലേക്കു തന്നെ നിയമനം) നൽകുന്നെങ്കിൽ, അല്ലെങ്കിൽ 90%-മോ അതിലധികമോ വേജ് എംപ്ലോയ്മെന്റ് (ശമ്പളത്തോടു കൂടിയ ജോലി) നൽകുകയാണെങ്കിൽ.
- ജയിൽ, സർക്കാർ സ്ഥാപനങ്ങൾ തുടങ്ങി വ്യത്യസ്ഥങ്ങളായ സ്ഥാപനങ്ങളിൽ നൽകുന്ന പരിശീലനങ്ങൾ
- PMKVYയുടെ ഭാഗികമായ ഫണ്ടിങ്ങും ഇതര സ്ഥാപനങ്ങളുടെ ഫണ്ടിങ്ങും ഉപയോഗിച്ച് നടത്തുന്ന പരിശീലന പദ്ധതികൾ
- കൂടുതൽ മാനദണ്ഡങ്ങൾ ഓരോ കേസുകൾക്കുമനുസരിച്ച് സന്ദർഭോചിതമായി ദേശീയ നൈപുണ്യ വികസന കോർപറേഷന്റെ (National Skills Development Corporation - NSDC) PMKVY സ്ക്രീനിംഗ് & എക്സിക്യൂട്ടീവ് കമ്മിറ്റി നിശ്ചയിക്കുന്നതാണ്.

## PMKVY പ്രത്യേക പദ്ധതികളിലേക്ക് ആർക്കൊക്കെ അപേക്ഷിക്കാം?

പ്രത്യേക പദ്ധതിക്കു ബാധകമായ യോഗ്യത മാനദണ്ഡങ്ങൾ, മാർഗരേഖകൾ എന്നിവയ്ക്ക് വിധേയമായി കോർപറേറ്റ്, സർക്കാർ സ്ഥാപനങ്ങൾ, അസോസിയേഷനുകൾ, എൻ.ജി.ഒ.കൾ തുടങ്ങി ഏതു പരിശീലന ദാതാവിനും അപേക്ഷിക്കാം.

## 1. ആർജ്ജിതവിജ്ഞാനത്തിന് അംഗീകാരം (Recognition of Prior Learning)

മുന്നേ ആർജ്ജിച്ച പഠന പരിചയമോ നൈപുണ്യമോ കരസ്ഥമായിട്ടുള്ളവർക്ക് ആർജ്ജിത വിജ്ഞാന ഘടകത്തിന് (RPL) കീഴിൽ തങ്ങളുടെ നൈപുണ്യശേഷി വിലയിരുത്തി സർട്ടിഫിക്കറ്റ് നേടാവുന്നതാണ്. രാജ്യത്തെ വ്യവസ്ഥാപിതമല്ലാത്ത മേഖലകളിലെ തൊഴിലാളികളുടെ നൈപുണ്യശേഷിയെ ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂടിനു (National Skills Qualification Framework - NSQF) കീഴിൽ കൊണ്ടുവന്ന് ചിട്ടപ്പെടുത്താനാണ് RPL ലക്ഷ്യമാക്കുന്നത്. സെക്ടർ സ്കിൽ കൗൺസിലുകൾ (Sector Skill Councils - SSCs) പോലുള്ള പദ്ധതി നടത്തിപ്പ് ഏജൻസികളും (Project Implementing Agencies - PIAs), കേന്ദ്ര നൈപുണ്യവികസന സംരഭകത്വ മന്ത്രാലയം/ദേശീയ നൈപുണ്യവികസന കോർപറേഷൻ നിർദ്ദേശിക്കുന്ന മറ്റ് ഏജൻസികളും RPL പദ്ധതികൾ ഇനിപ്പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നത് പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ് : RPL ക്യാംപുകളിൽ, തൊഴിൽദാതാവിന്റെ കെട്ടിടത്തിൽ, RPL കേന്ദ്രങ്ങളിൽ.

### ഈ പദ്ധതി കൊണ്ടുള്ള ഗുണമെന്താണ്?

RPL സർട്ടിഫിക്കറ്റ് അംഗീകൃതമാണ് എന്നതിനാൽ നൈപുണ്യ ശേഷിക്കുള്ള തെളിവായി പരിഗണിക്കും. മാത്രമല്ല, വിജയകരമായി സർട്ടിഫിക്കറ്റ് നേടുന്നവരുടെ ആധാർ വിവരങ്ങളും ബാങ്ക് വിവരങ്ങളും പരിശോധിച്ച ശേഷം 500 രൂപാ പ്രോത്സാഹന തുകയും നൽകുന്നതാണ്.

### പദ്ധതി നടത്തിപ്പ് ഏജൻസിക്ക് (Programme Implementation Agency - PIA) മൂല്യനിർണയ ഏജൻസിയെ (Assessment Agency - AA) തീരുമാനിക്കാൻ കഴിയുമോ?

കഴിയില്ല. സെക്ടർ സ്കിൽ കൗൺസിലുകളാണ് (SSC) മൂല്യനിർണയ ഏജൻസിയെ തെരഞ്ഞെടുത്ത് തീരുമാനിക്കേണ്ടത്.

### പദ്ധതി നടത്തിപ്പ് ഏജൻസിക്ക് (PIA) സവിശേഷ RPL പദ്ധതിയെ സംബന്ധിച്ച് പരസ്യ-പ്രചാരണങ്ങൾനടത്താമോ?

സാധിക്കും. ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കണം എന്നു മാത്രം.

NSDC നൽകുന്നത് ഇവയാണ്:

- റേഡിയോ ജിംഗിൾസ്, അച്ചടി-ടെലിവിഷൻ മാധ്യമങ്ങൾ, ലഘുരേഖകൾ, ബ്രോഷറുകൾ തുടങ്ങി മൾട്ടി-മീഡിയ ബ്രാൻഡിങ്-വിളംബര പ്രചാരണങ്ങൾക്ക്

ആവശ്യമായ ഉള്ളടക്കം

- പോസ്റ്ററുകൾ, മെസേജുകൾ എന്നിവ തയ്യാറാക്കാൻ ആവശ്യമായ മാതൃകാ രൂപങ്ങൾ PMKVYയുടെ വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്യാം
- റേഡിയോ, അച്ചടി, ടെലിവിഷൻ പരസ്യങ്ങളിലൂടെ ദേശീയതല വിളംബരം NSDC നേരിട്ടും നടപ്പാക്കുന്നതാണ്
- PMKVY പദ്ധതികളുടെ പോസ്റ്ററുകൾ എല്ലാ പരിശീലന കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കുന്നുണ്ടെന്ന് പദ്ധതി നടത്തിപ്പ് ഏജൻസികൾ (PIAs) ഉറപ്പാക്കേണ്ടതാണ്. PMKVY പരിശീലനം നടക്കുന്ന ക്ലാസ് മുറികളിലും കൗൺസലിംഗ് മുറികളിലും പ്രസ്തുത പോസ്റ്ററുകൾ വ്യക്തമായി പ്രദർശിപ്പിച്ചിരിക്കണം.
- PMKVY പദ്ധതിയുടെ അന്തസ്സത്തയ്ക്ക് വിരുദ്ധമായ സന്ദേശങ്ങൾ നൽകുന്ന പോസ്റ്ററുകൾ/ലഘുലേഖകൾ/ടെക്സ്റ്റ് സന്ദേശങ്ങൾ/ഇ-മെയിലുകൾ അഥവാ മറ്റ് ഇലക്ട്രോണിക്/ഭൗതിക രേഖകൾ എന്നിവയുടെ പ്രദർശനവും വിതരണവും നടത്തുന്നത് PMKVY പദ്ധതിനിബന്ധനകളുടെ ലംഘനമായി കരുതി ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്. ഭവിഷ്യത്തുകൾ നേരിടുന്നതുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങൾക്ക് (Consequence Management Guidelines) വിധേയമായി PMKVYയുടെ ഭാവിപരിപാടികളിൽ ഒന്നിലും പങ്കെടുക്കാൻ കഴിയാത്ത വിധം അംഗീകാരം റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നടപടികളാണ് തെറ്റ് ചെയ്യുന്നവർക്കെതിരെ ഉണ്ടാവുക.

## പരിശീലനാർത്ഥിക്ക് ബാങ്ക് അക്കൗണ്ട് ഇല്ലെങ്കിൽ എന്താണ് ചെയ്യേണ്ടത്?

പരിശീലനാർത്ഥിക്ക് ബാങ്ക് അക്കൗണ്ട് ഇല്ലാത്തപക്ഷം പദ്ധതി നടത്തിപ്പ് ഏജൻസി (PIA) മുൻകയ്യെടുത്ത് ദേശീയ നൈപുണ്യ വികസന കോർപറേഷൻ (NSDC) അംഗീകരിച്ചിട്ടുള്ള ഒരു സമീപസ്ഥ ബാങ്കിൽ അറിയിച്ച് പരിശീലനാർത്ഥിക്ക് ബാങ്ക് അക്കൗണ്ട് ലഭ്യമാക്കേണ്ടതാണ്.

ഈ പദ്ധതിയിൽനിന്ന് പ്രയോജനം നേടാൻ കഴിയുന്നത് ആർക്കൊക്കെ?

## ചുവടെ പറയുന്ന വസ്തുതകൾക്ക് വിധേയമായി ഇന്ത്യൻ പൗരനായ ഏതൊരാൾക്കും ആർജ്ജിത വിജ്ഞാന (RPL) പദ്ധതിയുടെ ഭാഗമാകാം:

- പേരു ചേർക്കുന്ന ദിവസം യോഗ്യതാ പാക്കിൽ (Qualification Pack) സൂചിപ്പിക്കുന്ന കുറഞ്ഞ പ്രായപരിധിക്കുള്ളിലുള്ളവർ
- ആധാർകാർഡും ബാങ്ക് അക്കൗണ്ടും ഉള്ളവർ (ജമ്മു കാശ്മീർ വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ളവരാണെങ്കിൽ പാൻ കാർഡ്, വോട്ടർകാർഡ് തുടങ്ങി തിരിച്ചറിയാൻ സഹായിക്കുന്ന മറ്റ് രേഖകൾ)
- സെക്ടർ കൗൺസിലുകൾ (SSCs) നിശ്ചിത ജോലിക്കായി തീരുമാനിക്കുന്ന പ്രി-സ്ക്രീനിംഗ് മാനദണ്ഡങ്ങൾ കൈവശമുള്ളവർ

## എന്താണ് RPL പ്രക്രിയ?

അഞ്ച് ഘട്ടങ്ങൾ ഉൾപ്പെട്ടതാണ് RPL പ്രക്രിയ:

- ഗുണഭോക്തൃ സമാഹരണം (Mobilisation)
- കൗൺസലിങ്ങും പ്രി-സ്ക്രീനിങ്ങും
- ദിശാബോധം നൽകൽ (Orientation)

- അവസാന മൂല്യനിർണയം (Final Assessment)
- സർട്ടിഫിക്കേഷനം ധനവിതരണവും (Certification & Pay-out)

## PMKVY RPL പദ്ധതിയിൽഎങ്ങനെ ചേരാൻ കഴിയും?

പദ്ധതിയുടെ ഭാഗമാകാൻ രണ്ട് വഴികളാണ് ഉള്ളത്:

- www.pmkvyofficial.org എന്ന വെബ്സൈറ്റ് സന്ദർശിച്ച് പ്രതിവാര RPL ഷെഡ്യൂൾ നോക്കി അടുത്തുള്ള SPOCയെ ബന്ധപ്പെടുക
- 088000-55555 എന്ന ഫോൺ നമ്പറിൽ ഒരു മിസ്സ്ഡ് കോൾനൽകുക
- കൂടുതൽ വിവരങ്ങൾക്ക് http://pmkvyofficial.org/Index.aspx എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**നിലവിൽ ആർജ്ജിത വിജ്ഞാന മൂല്യനിർണയവും** (RPL) **സവിശേഷ പദ്ധതികളും** (Special Projects) **സംസ്ഥാനങ്ങളിൽ നടപ്പാക്കുന്നത് ദേശീയ നൈപുണ്യ വികസന കോർപറേഷന്റെ നേതൃത്വത്തിലാണ്.**

**സംസ്ഥാന നൈപുണ്യ വികസന മിഷനുകൾക്ക് ഹ്രസ്വകാല പരിശീലനം** (Short Term Training) **നടപ്പാക്കാനുള്ള ചുമതലയാണുള്ളത്.**

## 1. ഹ്രസ്വകാല പരിശീലനം (Short Term Training)

സ്കൂൾ/കോളേജ് വിദ്യാഭ്യാസം ഇടയ്ക്കുവച്ച് ഉപേക്ഷിച്ചവരോ തൊഴിൽ രഹിതരോ ആയിട്ടുള്ള എല്ലാ ഇന്ത്യാക്കാർക്കും പ്രയോജനപ്പെടണമെന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ചതാണ് PMKVYയുടെ പരിശീലനകേന്ദ്രങ്ങൾ നൽകുന്ന ഹ്രസ്വകാല പരിശീലനം. ദേശീയ നൈപുണ്യ നിർണ്ണയ ചട്ടക്കൂട് (NSQF) നിർദ്ദേശിക്കും പ്രകാരം പരിശീലനം നൽകുന്നതിന് പുറമെ അനൗപചാരിക നൈപുണ്യങ്ങൾ (soft skills), സംരഭകത്വം, സാമ്പത്തിക-ഡിജിറ്റൽ സാക്ഷരത എന്നിവയിലും പരിശീലനം നൽകുന്നു. തൊഴിലിന് അനുസൃതമായി പരിശീലന കാലാവധി 150 മുതൽ300 മണിക്കൂർവരെ ആയിരിക്കും. കേന്ദ്രാവിഷ്കൃതവും കേന്ദ്രം സ്പോൺസർ ചെയ്യുന്നതുമായ (CSCM) ഹ്രസ്വകാല പരിശീലനം ദേശീയ നൈപുണ്യ വികസന കോർപറേഷൻ (NSDC) മുഖേനയാണ് നടത്തുക. കേന്ദ്രാവിഷ്കൃതവും സംസ്ഥാനം സ്പോൺസർ ചെയ്യുന്നതുമായ (CSSM) ഹ്രസ്വകാല പരിശീലനം സംസ്ഥാന നൈപുണ്യവികസന മിഷൻ (KASE) മുഖേനയാണ് നടത്തുക.

### ലക്ഷ്യമാക്കുന്ന ഗുണഭോക്താക്കൾ

കേന്ദ്രാവിഷ്കൃതവും സംസ്ഥാനം സ്പോൺസർ ചെയ്യുന്നതുമായ (CSSM) PMKVY 2016-2020 ഹ്രസ്വകാല പരിശീലന പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണ്?

മുകളിൽ സൂചിപ്പിച്ച ഉദ്ദേശലക്ഷ്യങ്ങൾക്ക് അനുസൃതമായി ചുവടെ പറയുന്ന ഇന്ത്യാക്കാരായ വ്യക്തികൾക്ക് പദ്ധതിയിൽ ചേരാവുന്നതാണ്:

- തൊഴിൽ രഹിതരായ യുവാക്കൾ, സ്കൂൾ/കോളേജ് പഠനം ഇടയ്ക്കുവച്ച് ഉപേക്ഷിച്ചവർ
- ആധാർകാർഡും ബാങ്ക് അക്കൗണ്ടും സ്വന്തമായുള്ളവർ (കേരളം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ)
- പാൻകാർഡ്, വോട്ടർ തിരിച്ചറിയൽ കാർഡ് തുടങ്ങി പരിശോധിച്ച് ഉറപ്പുവരു

ത്താൻ കഴിയുന്ന മറ്റ് തിരിച്ചറിയൽ രേഖകൾ കൈവശമുള്ളവർ (വടക്കുകിഴക്കൻ മേഖലയ്ക്കും ജമ്മുകാശ്മീരിനും മാത്രമാണ് ഇത് ബാധകം. കൂടുതൽ തിരിച്ചറിയൽ രേഖകൾ യഥാസമയം ഉൾപ്പെടുത്തുന്നതുമാണ്. കേരളത്തിൽ ആധാർകാർഡ് മാത്രമാണ് സ്വീകാര്യം)

- പഠനം നിർത്തിയവരെ ഉദ്ദേശിച്ചുള്ള പരിശീലനപരിപാടി ആയതിനാൽ കോളെജ് വിദ്യാർത്ഥികൾക്ക് പേരു ചേർക്കാൻ അനുവാദമില്ല
- കോർപറേറ്റുകൾ, വ്യവസായശാലകൾ എന്നിവയുടെ സ്ഥിരം/ദിവസക്കൂലി തൊഴിലാളികൾക്കും ഈ പരിശീലനത്തിന് ചേരാൻ അർഹതയില്ല

## ഗുണഭോക്തൃ സമാഹരണം (Mobilisation)

തൊഴിൽരഹിതരായ യുവാക്കൾ, സ്കൂൾ/കോളേജ് പഠനം ഇടയ്ക്കുവച്ച് ഉപേക്ഷിച്ചവർ, ഓരോ തൊഴിലിനും SSCകൾ കണ്ടെത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾ എന്നിവർക്കായി വിഭാവനം ചെയ്തിട്ടുള്ളതാണ് PMKVY ഹ്രസ്വകാല പരിശീലന പദ്ധതി. ആയതിനാൽ ഗുണഭോക്തൃ സമാഹരണം ചുവടെ പറയുന്ന ലക്ഷ്യങ്ങൾക്ക് അനുസൃതമായിരിക്കണം.

- സമൂഹത്തിലാകെ PMKVYയെ കുറിച്ച് ബോധവത്കരണം നടത്തുക
- പദ്ധതി മാർഗരേഖകൾക്ക് അനുസൃതമായി യോഗ്യരായ ഗുണഭോക്താക്കളെ കണ്ടെത്തുക
- അത്തരത്തിൽ കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് കൗൺസലിംഗ് നൽകി അവരുടെ താൽപര്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ കോഴ്സുകൾക്കായി പേർ ചേർക്കുക.
- ജൻധൻ ബാങ്കിംഗ് പദ്ധതി പോലുള്ള ദേശീയ ദൗത്യങ്ങളുമായി വിളക്കിച്ചേർത്തുകൊണ്ട് സംരഭകത്വം, സ്റ്റാർട്ട് അപ് ഇന്ത്യ മുതലായ സുപ്രധാന മുന്നേറ്റങ്ങളുടെ ഭാഗമാക്കുക

## PMKVYയുടെ കീഴിലുള്ള ഗുണഭോക്തൃ സമാഹരണം സംഘടിപ്പിക്കേണ്ട രീതിയും ലക്ഷ്യവും

- പരിശീലന കേന്ദ്രങ്ങൾക്ക് തങ്ങളുടെ ജില്ലയിൽ പലതരം ജനസമ്പർക്ക പരിപാടികൾ സംഘടിപ്പിക്കാം. ഭവനസന്ദർശനം, വാഹനപ്രചാരണം, പ്രാദേശിക -സാമൂഹിക സംഘടനകളുമായും അവയുടെ നേതൃത്വങ്ങളുമായും ആശയവിനിമയം എന്നിവയൊക്കെ പ്രചാരണപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്താം.
- എല്ലാ ജനസമ്പർക്ക പരിപാടികളുടെയും ആത്യന്തികലക്ഷ്യം സ്കൂൾപഠനം ഉപേക്ഷിച്ചവരെയും കോളേജ് പഠനം മതിയാക്കിയ ബിരുദരഹിതരെയും കണ്ടെത്തുക എന്നതാവണം.
- വിദ്യാർത്ഥികളുടെ കൂട്ടത്തോടെയുള്ള പേരുചേർക്കൽ പാടില്ല.
- കൗശൽ റോസ്ഗാർ മേള മാർഗനിർദേശങ്ങൾക്ക് (Koushal and Rozgar Mela Guidelines) വിധേയമായി സംസ്ഥാന/പ്രാദേശിക പ്രതിനിധികളുമായി സഹകരിച്ചുകൊണ്ട് കൗശൽ മേളകളെന്ന പേരിൽ ഗുണഭോക്തൃ സമാഹരണ ക്യാമ്പുകളും (Mobilisation Camps) റോസ്ഗാർ മേള എന്ന പേരിൽ തൊഴിൽ മേളകളും ആറു മാസത്തിൽ ഒരിക്കലെങ്കിലും സംഘടിപ്പിക്കേണ്ടതാണ്.
- PMKVY ബ്രാൻഡിംഗ് ആന്റ് കമ്മ്യൂണിക്കേഷൻ നിബന്ധനകൾ പാലിച്ചുകൊണ്ട്

അച്ചടി മാധ്യമങ്ങൾ, പുറംവാതിൽ മാധ്യമങ്ങൾ (Outdoor Media), ഡിജിറ്റൽ മാധ്യമങ്ങൾ എന്നിവയിലെല്ലാം ഗുണഭോക്തൃ സമാഹരണ പരിപാടികൾ വേണ്ടത്ര പ്രതിഫലിക്കുന്നുവെന്ന് പരിശീലനകേന്ദ്രങ്ങൾ ഉറപ്പാക്കണം.

## കൗശൽ, റോസ്ഗാർ മേളകൾ

എന്താണ് കൗശൽ, റോസ്ഗാർ മേളകൾ?

### കൗശൽ മേള

സമൂഹ ഗുണഭോക്തൃസമാഹരണം PMKVYയുടെ വിജയത്തിന് അത്യന്താപേക്ഷിതമാണ്. കാര്യക്ഷമമായ സമൂഹപങ്കാളിത്തം സുതാര്യതയും ചുമതലാബോധവും വർദ്ധിപ്പിക്കാൻ ഉപകരിക്കും. മാത്രമല്ല, സമൂഹത്തിന്റെയാകെ വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും ഇത് സഹായകമാണ്. ഈ ലക്ഷ്യം മുന്നിർത്തിക്കൊണ്ട് ഗുണഭോക്തൃ സമാഹരണത്തിന് ഒരു നിയതമായ മാർഗം PMKVY നിർദ്ദേശിക്കുന്നു.

### റോസ്ഗാർ മേള

പൊതു മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടുള്ള ഒരു പദ്ധതി ആയതിനാൽ പരിശീലനം പൂർത്തിയായവർക്കുള്ള തൊഴിൽ ലഭ്യതയെ അടിസ്ഥാനമാക്കിയാണ് പരിശീലന പങ്കാളികൾക്കുള്ള ധനവിതരണത്തിന്റെ ഒരു ഭാഗം നിർവഹിക്കുന്നത്. ആയതിനാൽ ഓരോ പരിശീലന പങ്കാളിയും ബാച്ചുകളുടെ 50%-മെങ്കിലും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്. ഇതിലേക്ക് ആറുമാസത്തിൽ ഒരിക്കലെങ്കിലും പരിശീലന പങ്കാളികളുടെ നേതൃത്വത്തിൽ നല്ല മാധ്യമശ്രദ്ധ നേടും വിധം റോസ്ഗാർ മേളകൾ അഥവാ തൊഴിൽമേളകൾ നടത്തേണ്ടത് അനിവാര്യമാണ്. PMKVY പ്രകാരം വിജയകരമായി പരിശീലനം പൂർത്തിയാക്കിയവർക്ക് തൊഴിൽനൽകാൻ കെൽപുള്ള നാല് സ്ഥാപനങ്ങളെങ്കിലും ഓരോ റോസ്ഗാർ മേളയിലും പങ്കെടുത്തിരിക്കണം.

മേളകൾ യഥാസമയം ദേശീയ കരിയയർ സർവീസിനെയും (National Career Service) മാതൃകാ കരിയർ സെന്ററുകളെയും (Model Career Centres) അറിയിക്കേണ്ടതാണ്.

**തൽസംബന്ധമായി തൊഴിൽദാതാക്കളുടെ ഉദ്യോഗാർത്ഥികളെയും കൃത്യമായി അറിയിക്കണം.**

വിശിഷ്യാ, തൊഴിൽദാതാക്കൾക്ക് താൽപര്യമുള്ള തൊഴിലിനത്തിൽ നൈപുണ്യം സ്വായത്തമാക്കിയ ഉദ്യോഗാർത്ഥികൾക്കെല്ലാം ഇക്കാര്യത്തെക്കുറിച്ച് അറിയിപ്പ് നൽകേണ്ടതാണ്.

വ്യക്തിവിവര സംക്ഷിപ്തം (Resume) എഴുതാൻ ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ സഹായം നൽകണം.

ഉദ്യോഗാർത്ഥികളെ സജ്ജരാക്കുന്നതിനായി മാതൃകാ അഭിമുഖങ്ങൾ നടത്തി അഭിപ്രായങ്ങൾ രേഖപ്പെടുത്തണം.

സംക്ഷിപ്ത വ്യക്തിവിവരത്തിന്റെ ആവശ്യമായത്ര പകർപ്പുകൾ അഭിമുഖവേളയിൽ ഉദ്യാഗാർത്ഥികൾ കൈയിൽ കരുതുന്നുണ്ടെന്ന് ഉറപ്പാക്കണം.

പരിപാടിയുടെ ക്ലിപ്പിങ്ങുകളും വീഡിയോകളും സാമൂഹ്യമാധ്യമങ്ങളിൽ യഥാസമയം വിതരണം ചെയ്യുക.

തൊഴിൽ ലഭിച്ചവരുടെ എണ്ണം കൃത്യമായി സ്കിൽ ഡവലപ്മെന്റ് മാനേജ്മെന്റ് സിസ്റ്റം അഥവാ SDMS എന്ന ഓൺലൈൻ പോർട്ടലിൽ സമർപ്പിക്കുകയും ബന്ധപ്പെട്ടത് തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ പരിശോധനയ്ക്കായി സൂക്ഷിക്കുകയും വേണം.

പരിശീലനപങ്കാളികൾ ആറുമാസത്തിലൊരിക്കൽ ഇത്തരത്തിൽ കൗശൽ, റോസ്ഗാർ മേളകൾ നടത്തി മാധ്യമപ്രചാരം നൽകുന്നതിനു പുറമെ, ദേശീയ കരിയർ സർവീസ് മേളകളിലും അടിസ്ഥാന തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങളിലും ഊർജ്ജസ്വലമായി പങ്കെടുക്കേണ്ടതുമാണ്.

## ഫ്രാഞ്ചൈസി കേന്ദ്രങ്ങൾ

### PMKVY 2016-2020ന് കീഴിൽ ഫ്രാഞ്ചൈസി കേന്ദ്രങ്ങൾ അനുവദിക്കുമോ?

നിലവിൽ ഫ്രാഞ്ചൈസി കേന്ദ്രങ്ങൾക്കായി ടാർഗറ്റ് അനുവദിക്കുന്നില്ല. PMKVY 2016-2020 ന്റെ കേന്ദ്രാവിഷ്കൃതവും സംസ്ഥാനം തന്നെ സ്പോൺസർചെയ്യുന്നതുമായ ഹ്രസ്വകാല കോഴ്സുകളുടെ (STT CSSM) ടാർഗറ്റ് നിശ്ചയിക്കുന്നതിന് പരിപൂർണ ഉടമസ്ഥതയിലുള്ള പരിശീലന കേന്ദ്രങ്ങളെയാണ് പരിഗണിക്കുക.

പരിശീലനപങ്കാളിയുടെ സമ്പൂർണ ഉടമസ്ഥതയിലുള്ളതും നല്ല നിലവാരം പുലർത്തുന്നതുമായ കേന്ദ്രങ്ങളോടാണ് PMKVY പദ്ധതിയ്ക്ക് കൂടുതൽ താൽപര്യം എന്നതിനാൽ ഫ്രാഞ്ചൈസി ക്രമീകരണങ്ങൾ അനുവദനീയമല്ല.

പരിശീലനകേന്ദ്രങ്ങൾ പരിശീലനദാതാക്കളുടെ ഉടമസ്ഥതയിലുള്ളത് (നിയമപരമായ ഉടമസ്ഥത/വാടക/ലീസ്) ആയിരിക്കണം.

പരിശീലനാർത്ഥികളുടെ പേരുകൾ അടങ്ങിയ പട്ടിക പരിശീലന ദാതാവിന്റെ പക്കൽ ഉണ്ടായിരിക്കണം.

പരിശീലന ടാർഗറ്റ് മറ്റ് ഏതെങ്കിലും സ്ഥാപനവുമായി പങ്കിടാൻ പാടില്ല.

വാടക/ലീസ് കരാറുകളിൽ ഏർപ്പെടുന്ന പക്ഷം ഇരുകക്ഷികളും അങ്ങേയറ്റം ജാഗ്രത പുലർത്തേണ്ടതാണ്. തൽസംബന്ധമായ തർക്കങ്ങളിലൊന്നും സംസ്ഥാന നൈപുണ്യ വികസന മിഷനോ (SSDM) ദേശീയ നൈപുണ്യ വികസന കോർപറേഷനോ (NSDC) ഇടപെടുന്നതല്ല. ആവശ്യമെങ്കിൽ കരാറും അനുബന്ധ രേഖകളും SSDM/NSDC സമക്ഷം സമർപ്പിക്കാൻ പരിശീലന ദാതാവ് ബാധ്യസ്ഥമാണ്.

## ധനവിതരണ സംവിധാനം

### എന്താണ് ധനവിതരണ സംവിധാനം?

ധനവിതരണ സംവിധാനം: നൈപുണ്യ പരിശീലനത്തിനുള്ള ധനസഹായ വിതരണം മധ്യവർത്തികളേതും കൂടാതെ തികച്ചും സുതാര്യമായി സ്വീകർത്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്ന രീതിയാണ് PMKVY സ്വീകരിച്ചിട്ടുള്ളത്.

നൈപുണ്യ പരിശീലനവും സർട്ടിഫിക്കറ്റ് വിതരണവും വിജയകരമായി പൂർത്തിയാക്കുന്നതോടെ പരിശീലന പങ്കാളികൾക്ക് അർഹമായ പണം നൈപുണ്യ മന്ത്രാലയത്തിന്റെ പൊതുമാനദണ്ഡങ്ങൾക്ക് (Common Norms Document of Ministry of Skill Development) അനുസൃതമായി വിതരണം ചെയ്യുന്നു.

പരിശീലന പങ്കാളിക്കുള്ള തുക വിതരണം (Training Partner Payouts): തോറ്റതും

മതിയാക്കിയതുമായ പരിശീലനാർത്ഥികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടാവും പരിശീലനത്തിന്റെ പ്രാരംഭഘട്ടത്തിൽ പരിശീലനപങ്കാളിക്ക് തുക അനുവദിക്കുകയെങ്കിലും പരിശീലനത്തിന്റെ തുടർഘട്ടങ്ങളിൽ പണം നൽകുമ്പോൾ ഇത് വേണ്ടവിധം തട്ടിക്കഴിക്കുന്നതാണ്. ഒരേ പരിശീലനാർത്ഥി തന്നെ രണ്ടാം തവണയും ഒരേ വിഷയത്തിലോ മറ്റു വിഷയത്തിലോ പരിശീലനത്തിന് ചേരുകയാണെങ്കിൽ രണ്ടാമത്തെ കോഴ്സിന്റെ പ്രാരംഭദിവസവും ആദ്യത്തെ കോഴ്സിന്റെ സർട്ടിഫിക്കറ്റ് വിതരണ ദിവസവും തമ്മിൽ കുറഞ്ഞത് ആറുമാസത്തെ ഇടവേളയെങ്കിലും ഉണ്ടായിരുന്നാൽ മാത്രം പരമാവധി രണ്ട് കോഴ്സുകൾക്ക് ധനസഹായം ലഭിക്കുന്നതാണ്. സർട്ടിഫിക്കറ്റ് നേടിയ പരിശീലനാർത്ഥികളുടെയും പരിശീലനപങ്കാളി സമർപ്പിച്ച പരിശീലനാർത്ഥി പട്ടികയും തമ്മിലുള്ള വാർഷിക ഒത്തുനോക്കൽ അവസാനഘട്ട ധനവിതരണത്തിന് മുന്നോടിയായി നടത്തുന്നതാണ്.

അധികതുക കണ്ടെത്തുന്ന പക്ഷം പരിശീലനപങ്കാളിക്ക് അർഹമായത് അങ്ങോട്ട് നൽകുകയും അല്ലെങ്കിൽ ഇങ്ങോട്ട് വസൂലാക്കുകയും ചെയ്യും.

ചുവടെ പറയും പ്രകാരമാണ് ഓരോ പരിശീലനാർത്ഥിക്കും വേണ്ടി വരുന്ന ചെലവ് പരിശീലനദാതാക്കൾക്ക് നൽകുന്നത്:

| ഗഡുക്കൾ | മൊത്തം ചെലവിന്റെ % | ഫലസിദ്ധിയുടെ അവസ്ഥ (Output Parameters) |
|---|---|---|
| 1. | 30% | പരിശീലനാർത്ഥികളുടെ ആധാർതിരിച്ചറിയൽ പൂർത്തിയാക്കി ക്കൊണ്ട് ബാച്ച് തുടങ്ങുമ്പോൾ |
| 2. | 50% | പരിശീലനാർത്ഥികൾ മൂല്യനിർണയം വിജയകരമായി പൂർത്തിയാക്കി സർട്ടിഫിക്കറ്റ് കരസ്ഥമാക്കുമ്പോൾ |
| 3. | 20% | തൊഴിൽ ലഭ്യതക്ക് അനുസൃതമായി |

മൂല്യനിർണയത്തിനും സർട്ടിഫിക്കേറ്റ് ലഭ്യതയ്ക്കുമുള്ള ഫീസ്: പൊതുമാനദണ്ഡങ്ങൾക്ക് അനുസരിച്ച് മൂല്യനിർണയ ഫീസ് SSC കൾക്ക് നൽകേണ്ടതാണ്. എന്നാൽ പരിശീലനാർത്ഥികളുടെ ആധാർ തിരിച്ചറിയൽ പൂർത്തിയാക്കിയ ശേഷം മാത്രമെ പരിശീലന കേന്ദ്രങ്ങൾക്ക് അർഹമായ തുക നൽകുകയുള്ളൂ. ഹാജരിനായി ബയോമെട്രിക് സംവിധാനം പരിശീലന കേന്ദ്രങ്ങളിൽ നിർബന്ധമായും ഉണ്ടായിരിക്കണം.

നൈപുണ്യ പരിശീലനത്തിനുള്ള ധനസഹായ വിതരണം മധ്യവർത്തികളേതും കൂടാതെ തികച്ചും സുതാര്യമായി സ്വീകർത്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്ന രീതിയാണ് PMKVY സ്വീകരിച്ചിട്ടുള്ളത്.

### മൂന്നാം ഘട്ട ധനവിതരണത്തിന് (തൊഴിൽ ലബ്ധിയുമായി ബന്ധപ്പെട്ട 20%) പരിശീലന ദാതാവ് (Training Provider) അർഹമാവുന്നത് എപ്പോഴാണ്?

- തൊഴിൽ ലബ്ധിയെ ആധാരമാക്കിയുള്ള മൂന്നാം ഘട്ട ധനവിതരണം ബാച്ച് അടിസ്ഥാനത്തിലാണ് നടത്തുന്നത്. ഈ തുക ലഭ്യമാകാൻ ഇനിപറയുന്ന

മാനദണ്ഡങ്ങൾ പൂർത്തീകരിച്ചിരിക്കണം:

- ഉദ്യോഗാർത്ഥിക്ക് സർട്ടിഫിക്കറ്റും തുടർന്ന് തൊഴിലും ലഭിച്ചിരിക്കണം
- സർട്ടിഫിക്കറ്റ് കരസ്ഥമാക്കി 90 ദിവസത്തിനുള്ളിൽ ഉദ്യോഗാർത്ഥിക്ക് നിയമനം ലഭിച്ചിരിക്കണം
- തൊഴിൽ ലബ്ധിയുമായി ബന്ധപ്പെട്ട മുഴുവൻ തുക ലഭ്യമാകണമെങ്കിൽ ആകെ പരിശീലനാർത്ഥികളിൽ കുറഞ്ഞത് 70 ശതമാനത്തിനെങ്കിലും ജോലി കിട്ടിയിരിക്കണം. മാത്രമല്ല ജോലികിട്ടുന്നവരിൽ 50 ശതമാനവും ശമ്പളാടിസ്ഥാനത്തിലുള്ള ജോലിയായിരിക്കണം. (കാർഷിക ജോലികൾക്കും സമാനമായ മറ്റ് തൊഴിലുകൾക്കും ചില ഇളവുകൾ ബാധകമാണ്)
- തൊഴിൽമാർഗരേഖയിൽ ഓരോ സംസ്ഥാനത്തിനും നിഷ്കർഷിച്ച പ്രകാരമുള്ള ഏറ്റവും കുറഞ്ഞ വേതനമോ അതിൽക്കൂടുതലോ ഉള്ള ജോലികൾക്കാണ് നിയമിക്കേണ്ടത് (ശമ്പളാധിഷ്ഠിത ജോലികൾക്ക് ബാധകം)
- തുടക്കത്തിൽ ഒരേ തൊഴിൽദാതാവിന് കീഴിലോ വ്യത്യസ്ത തൊഴിൽദാതാക്കൾക്ക് കീഴിലോ തുടർച്ചയായ മൂന്ന് മാസത്തെ തൊഴിൽ നൽകിയിരിക്കണം. അതു കഴിഞ്ഞാൽ ശമ്പളാധിഷ്ഠിതമായ ജോലിയോ, സ്വയം തൊഴിലോ രണ്ടും കൂടി കലർന്നതോ എന്ന രീതിയിൽ തൊഴിൽ തുടരേണ്ടതാണ്.

## ബയോമെട്രിക് ഹാജർ സംവിധാനം

### ഒരു സ്ഥാപനം അതിലെ പരിശീലനാർത്ഥികൾക്കായി ബയോമെട്രിക് ഹാജർ സംവിധാനം എങ്ങനെ തുടങ്ങണം?

സ്ഥാപനത്തിലെ നോഡൽ ഓഫീസറുടെ പേരും വിശദാംശങ്ങളും വകുപ്പ് മേധാവി ഒപ്പിട്ട ഒരു അപേക്ഷയും സംസ്ഥാന നൈപുണ്യ വികസന മിഷന് (KASE) സമർപ്പിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. തുടർന്ന് KASE -ൽ നിന്നുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് പോർട്ടലിൽ വിവരങ്ങൾ സമർപ്പിക്കേണ്ടതാണ്. KASE വിവരങ്ങളെല്ലാം പരിശോധിക്കുകയും ഒരു സവിശേഷമായ സബ്-ഡൊമൈൻ അനുവദിച്ചുകൊണ്ട് സ്ഥാപനത്തെ സജീവമാക്കുകയും ചെയ്യും. സ്ഥാപനത്തിന് ലഭിക്കുന്ന വെബ്സൈറ്റ് വിലാസം തുടങ്ങുന്നത് പ്രസ്തുത സബ്-ഡൊമൈനിന്റെ പേരിലായിരിക്കും. യൂസർനെയിമായി ഇതേ സബ്-ഡൊമൈന്റെ പേരും ഒപ്പം പാസ്‌വേഡും രേഖപ്പെടുത്തിയ ഒരു ഇമെയിൽ നോഡൽ ഓഫീസർക്ക് KASE-ൽ നിന്നും ലഭിക്കുന്നതായിരിക്കും.

തുടർന്ന് പരിശീലനാർത്ഥികൾക്ക് തങ്ങളുടെ ആധാർനമ്പരും പേരും പോർട്ടലിൽ രജിസ്റ്റർചെയ്യാൻ തുടങ്ങാം.

### ആധാർനമ്പർ ഇല്ലാത്തപക്ഷം പരിശീലനാർത്ഥി എങ്ങനെയാണ് ഹാജർ രേഖപ്പെടുത്തേണ്ടത്?

ബയോമെട്രിക് ഹാജർ സംവിധാനത്തിന് (Biometric Attendance System - BAS) ആധാർ നമ്പർ അത്യന്താപേക്ഷിതമാണ്. ഇതേവരെ ആധാർ നമ്പർ ലഭിച്ചിട്ടില്ലാത്തവർ UIDAI യുടെ (Unique Identification Authority of India) ആഭിമുഖ്യത്തിൽ

സർക്കാർ സ്ഥാപനങ്ങളിലും മറ്റും സംഘടിപ്പിക്കാറുള്ള സ്പെഷ്യൽ ക്യാംപുകളിൽനിന്നോ UIDAI രാജ്യവ്യാപകമായി സ്ഥാപിച്ചിട്ടുള്ള പേരുചേർക്കൽ കേന്ദ്രങ്ങളിൽ (Enrolment Centres) നിന്നോ ആധാർ നമ്പർ കരസ്ഥമാക്കേണ്ടതാണ്.

## ബയോമെട്രിക് ടെർമിനലുകൾ എത്രയെണ്ണം വേണ്ടിവരും?

എല്ലാ പരിശീലനാർത്ഥികളും അവരവരുടെ ആറക്ക യുണീക് ഐ.ഡി. നമ്പർ ടാബ്ലെറ്റിന്റെ ടച്ച് സ്ക്രീനിൽ സമർപ്പിച്ചശേഷം അവരവരുടെ ബയോമെട്രിക് തിരിച്ചറിയലുകളായ വിരലടയാളമോ കൃഷ്ണമണിയോ (Finger print/Iris) കൂടി സമർപ്പിക്കേണ്ടതുണ്ട്. ഇത്രയും ചെയ്യുന്നതിനായി എത്ര തവണ ആവർത്തിക്കേണ്ടി വരുന്നു എന്നതിന് അനുസരിച്ച് തുടക്കത്തിൽ ചിലപ്പോൾ 30 സെക്കൻഡ് മുതൽ ഒരു മിനിറ്റ് വരെ വേണ്ടിവന്നേക്കാം.

എന്നാൽ ഈ പ്രക്രിയ സുപരിചിതമാകുന്നതോടെ കേവലം 10 സെക്കൻഡിനുള്ളിൽ ബയോമെട്രിക് ഹാജർ രേഖപ്പെടുത്താം. ആയതിനാൽ തിരക്കുള്ള 30 മിനിറ്റിനുള്ളിൽ 30 മുതൽ 40 വരെ പരിശീലനാർത്ഥികൾക്ക് ഹാജർ രേഖപ്പെടുത്താൻ ഒരൊറ്റ ബയോമെട്രിക് ടെർമിനൽ മതിയാവും. തിരക്കുള്ള സമയത്ത് 50-70% പരിശീലനാർത്ഥികളും ഹാജരായാൽപോലും 50 പരിശീലനാർത്ഥികൾക്ക് ഒരൊറ്റ ബയോമെട്രിക് ടെർമിനൽ എന്ന തോതിൽ കരുതിയാൽ മതി. മാത്രമല്ല, പ്രവേശന കവാടത്തിൽ ഒന്നിലധികം ടെർമിനലുകൾ കരുതിയിരുന്നാൽ വ്യത്യസ്തങ്ങളായ മന്ത്രാലയങ്ങളുമായും വകുപ്പുകളുമായും ബന്ധപ്പെട്ട പരിശീലനാർത്ഥികൾക്കെല്ലാം അധികം കാത്തുനിൽക്കാതെ തന്നെ ഹാജർ രേഖപ്പെടുത്താം.

## ടാബ്ലെറ്റ് അധിഷ്ഠിത ടെർമിനലുകൾഎവിടെയാണ് സ്ഥാപിക്കേണ്ടത്?

മുഴുവൻ സമയവും സുരക്ഷാ നിരീക്ഷണം ലഭ്യമായിട്ടുള്ള പ്രവേശന കവാടത്തിൽ BAS ടെർമിനലുകൾ സ്ഥാപിക്കുന്നതാണ് അഭികാമ്യം.

## AEBAS കൈപ്പുസ്തകം (Manual) എവിടെനിന്ന് ഡൗൺലോഡ് ചെയ്യാം?

AEBAS കൈപ്പുസ്തകം http://skill.attendance.gov.in/assets/doc/PMKVY_AEBAS_Guidelines.pdf എന്ന പേജിൽനിന്ന് ഡൗൺലോഡ് ചെയ്യാം.

## പരിശീലനാർത്ഥികളുടെ രജിസ്ട്രേഷൻ പ്രക്രിയ തുടങ്ങുന്നതിലേക്ക് നോഡൽ ഓഫീസർ ചെയ്യേണ്ടതെന്താണ്?

യൂസർനെയിമും പാസ്‌വേഡും ഉപയോഗിച്ച് <domain name >.skill.attendance.gov.in എന്ന പോർട്ടലിൽ ലോഗിൻ ചെയ്യുകയാണ് നോഡൽ ഓഫീസർ ആദ്യം ചെയ്യേണ്ടത്. തുടർന്ന് തങ്ങളുടെ സ്ഥാപനത്തിന്റെ ശാഖകളുടെ സ്ഥാനം (Location), പ്രാബല്യത്തിലുള്ള പദവികൾ (Designations), വിഭാഗങ്ങൾ (Divisions)/യൂണിറ്റുകൾ/ഗ്രൂപ്പുകൾ എന്നിവയെല്ലാം ഉൾക്കൊള്ളുന്ന ഒരു മാസ്റ്റർപട്ടിക (Master List) പോർട്ടലിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

### ഹാജർ രേഖപ്പെടുത്താൻ നെറ്റ്‌വർക് കണക്ടിവിറ്റി അനുപേക്ഷണീയ മാണോ?

അനുപേക്ഷണീയം തന്നെ. കാരണം ഇത് ഒരു ഓൺലൈൻ സംവിധാനമാണ്. ഹാജർ രേഖപ്പെടുത്താൻ നെറ്റ്‌വർക്ക് കണക്ടിവിറ്റി കൂടിയേ തീരൂ. ആയതിനാൽ ഓരോ ടെർമിനലിലും രണ്ട് തരം കണക്ടിവിറ്റികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. NICNET/ബ്രോഡ്ബാൻഡ് അധിഷ്ഠിത വൈഫൈ കണക്ടിവിറ്റിയും ടാബ്ലെറ്റിൽ സിംകാർഡ് മുഖാന്തിരമുള്ള ജി.എസ്.എം. (GSM) കണക്ടിവിറ്റിയും.

### ബ്രാൻഡിംഗ്

എല്ലാ പരിശീലന കേന്ദ്രങ്ങളും തങ്ങളുടെ കേന്ദ്രങ്ങളെ സംബന്ധിച്ച ബ്രാൻഡിംഗ്, പരസ്യ പ്രചാരണം ഈ മാർഗരേഖക്ക് അനുസൃതമായി ചെയ്യേണ്ടതാണ്. ഔദ്യോഗിക വെബ്സൈറ്റായ www.pmkvyofficial.org ൽ അപ്‌ലോഡ് ചെയ്തിട്ടുള്ള ബ്രാൻഡിംഗ് പ്രചാരണ മാർഗനിർദേശങ്ങൾ പാലിക്കാൻ എല്ലാ പരിശീലന ദാതാക്കളും ബാധ്യസ്ഥരാണ്. ബ്രാൻഡിംഗ് പ്രചാരണത്തിനാവശ്യമായ സാമഗ്രികളെല്ലാം സജ്ജമാക്കേണ്ട ഉത്തരവാദിത്തം പരിശീലന ദാതാക്കൾക്കുണ്ട്. മാർഗനിർദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ട ചുമതല സംസ്ഥാന നൈപുണ്യ വികസന മിഷനുകൾക്കാണ്. PMKVY 20.0 ന്റെ ഭാഗമായുള്ള പദ്ധതികളുടെയെല്ലാം പ്രചാരണം ചുവടെ പറയുന്ന മാർഗ്ഗങ്ങളിലൂടെ നടത്താവുന്നതാണ്:

അച്ചടി മാധ്യമങ്ങൾ- പരസ്യങ്ങൾ, ചിത്രങ്ങൾ, വാർത്താക്കുറിപ്പുകൾ എന്നിവ നൽകി കൊണ്ട് പ്രാദേശിക ദിനപത്രങ്ങളിലൂടെയുള്ള പ്രചാരം

പുറംവാതിൽ പരസ്യങ്ങൾ (Outdoor Advertising) - ജനസാന്ദ്രതയേറിയ പ്രദേശങ്ങളിൽ ചുമരെഴുത്തുകൾ, പരസ്യപ്പലകകൾ, പോസ്റ്ററുകൾ എന്നിവ മുഖാന്തിരം

ഇലക്ട്രോണിക് മീഡിയ - എസ്. എം. എസ്., വാട്ട്സ്ആപ് സന്ദേശങ്ങൾ എന്നിവയിലൂടെയും ഫെയ്സ്ബുക്, യൂട്യൂബ്, ട്വിറ്റർ, എന്നിവയിൽ ചിത്രങ്ങൾ, വീഡിയോകൾ എന്നിവ പ്രദർശിപ്പിച്ചും സംസ്ഥാന നൈപുണ്യ വികസന കോർപ്പറേഷൻ (SSDM) ദേശീയ നൈപുണ്യ വികസന കോർപറേഷൻ (NSDC), പി.എം.കെ.വി.വൈ. 2.0, എസ്.എസ്.സി., വാണിജ്യ സംഘടനകൾ എന്നിവയുടെ വെബ്സൈറ്റുകൾ മുഖേന പ്രാദേശിക, കമ്മ്യൂണിറ്റി റേഡിയോ സംപ്രേക്ഷണങ്ങളിലൂടെ

### പരിശീലന കേന്ദ്രത്തിന് അംഗീകാരവും അഫിലിയേഷനും

നൈപുണ്യ വ്യവസ്ഥയുമായി (Skill Ecosystem) ബന്ധപ്പെട്ട അക്രഡിറ്റേഷൻ, അഫിലിയേഷൻ, തുടർനിരീക്ഷണം എന്നിവ സംബന്ധിച്ച മാർഗനിർദേശങ്ങൾക്ക് (Guidelines for Accreditation, Affiliation and Continuous Monitoring of Training Centres) വിധേയമായി എല്ലാ പരിശീലനകേന്ദ്രങ്ങളും അംഗീകാരം നേടുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. സമർപ്പിതമായ വിഭവങ്ങളുപയോഗിച്ച് PMKVY യുടെ അന്തസ്സത്ത സ്വതന്ത്രമായി പകർന്നു നൽകേണ്ട സ്ഥാപനങ്ങളാണ് ഓരോ പരിശീലനകേന്ദ്രവും. എന്നിരിക്കിലും അധിക വിഭവശേഷി ഉണ്ടെങ്കിൽ ബന്ധപ്പെട്ട അധികൃതരുടെ അനുവാദത്തോടെ മറ്റ് സർക്കാർ സ്പോൺസേഡ് പരിപാടികൾ കൂടി പരിശീലനകേന്ദ്രങ്ങൾക്ക് കൈകാര്യം ചെയ്യാവുന്നതാണ്. ഫ്രാഞ്ചൈസി കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകുന്നതല്ല.

## സ്മാർട്ട് നടപടിക്രമം (SMART Process):

പരിശീലന കേന്ദ്രങ്ങളുടെ അംഗീകാരം, അഫിലിയേഷൻ, തുടർച്ചയായ നിരീക്ഷണം എന്നിവ ലളിതവും കാര്യക്ഷമവുമായി നടത്താൻ സഹായിക്കുന്ന ഒരു ഐ.ടി. അധിഷ്ഠിത ഏകജാലക സംവിധാനമാണ് സ്മാർട്ട് (SMART). ഇതിന്റെ വിശദാംശങ്ങൾ, അംഗീകാരത്തിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ, ഗ്രേഡിംഗിന്റെ അളവുകോൽ, സെന്റർ അക്രെഡിറ്റേഷൻ ആൻഡ് അഫിലിയേഷൻ സംബന്ധിച്ച മാതൃകാ ഫോം (CAAF) എന്നിവ www.smartnsdc.org എന്ന വെബ്സൈറ്റിൽ Knowledge bank എന്ന വിഭാഗത്തിൽ ലഭ്യമാണ്.

## പേരു ചേർക്കൽ, പരിശീലനം, പാഠ്യപദ്ധതി

## (Enrollments, Training, Curriculum)

ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂടിന് (National Skills Qualification Framework) അനുസൃതമായിട്ടാണ് പരിശീലനം നൽകേണ്ടത്

പേരു ചേർക്കുമ്പോൾ പരിശീലനാർത്ഥികൾ (ജമ്മു കാശ്മീർ, വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ളവരൊഴികെ) തങ്ങളുടെ ആധാർകാർഡ് നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. ബാങ്ക് അക്കൗണ്ട് രേഖകൾ പിന്നാലെ അപ്‌ലോഡ് ചെയ്താലും മതി.

ഓരോ ക്വാളിഫിക്കേഷൻ പാക്കിനും അനുസൃതമായി എസ്.എസ്.സികൾ (SSCs) തയ്യാറാക്കിയതും ദേശീയ നൈപുണ്യ വികസന കോർപറേഷൻ (NSDC) അംഗീകരിച്ചിട്ടുള്ളതുമായ മാതൃകാ പാഠ്യപദ്ധതി (Curriculum) ഉപയോഗിക്കാം. കോഴ്സുകളുടെ കാലാവധി ദേശീയ നൈപുണ്യ യോഗ്യതാ കമ്മിറ്റി (National Skills Qualifications Committee) അംഗീകരിച്ച യോഗ്യതാ ഫയലിന് (Qualification File) വിധേയമായി നിശ്ചയിക്കാം.

കുറഞ്ഞത് 70% ഹാജരുണ്ടെങ്കിൽ മാത്രമെ നൈപുണ്യ നിർണയത്തിൽ (Skills Assessment) പങ്കെടുക്കാൻ യോഗ്യത ലഭിക്കൂ.

അംഗീകൃത മാതൃകാപാഠ്യപദ്ധതി പ്രകാരം പരിശീലനത്തോടൊപ്പം പരിശീലനാർത്ഥികൾ സംരംഭകത്വ, സാമ്പത്തിക, ഡിജിറ്റൽ സാക്ഷരതാ മോഡ്യൂളുകളും പഠിക്കേണ്ടതാണ്.

പരിശീലനാർത്ഥികളുടെയും പരിശീലകരുടെയും ഹാജർ രേഖപ്പെടുത്തുന്നതിന് ബയോമെട്രിക് സംവിധാനം നിർബന്ധമാണ്.

Training of Trainers (ToT) പ്രോഗ്രാം പൂർത്തിയാക്കിയ SSC അംഗീകൃത പരിശീലകരാണ് എല്ലാ പരിശീലനങ്ങളും നൽകേണ്ടത്. എല്ലാ പരിശീലനാർത്ഥികൾക്കും ഇൻഡക്ഷൻ കിറ്റിനോടൊപ്പം കോഴ്സ് പാഠ്യപദ്ധതി പുസ്തകവും നൽകേണ്ടതാണ്.

പരിശീലനാർത്ഥികളുടെയും പരിശീലകരുടെയും ഹാജർ രേഖപ്പെടുത്തി സൂക്ഷിക്കുതിനുള്ള ആധാർ അധിഷ്ഠിത ബയോമെട്രിക് സംവിധാനം PMKVY കേന്ദ്രങ്ങൾക്ക് നിർബന്ധമാണ്.

## നിരീക്ഷണം

സ്വയം പരിശോധനാ റിപ്പോർട്ടുകൾ (Self-auditing), ഫോൺ ചെയ്തുള്ള പരിശോധ

നകൾ (Call validations), മിന്നൽ പരിശോധനകൾ എന്നീ മാർഗങ്ങൾ മുഖേനയും സ്കിൽസ് ഡവലപ്മെന്റ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ നിരീക്ഷണം വഴിയും PMKVY പരിശീലനകേന്ദ്രങ്ങൾ ഉയർന്ന ഗുണമേന്മ നിലനിർത്തുന്നുണ്ടെന്ന് സംസ്ഥാന നൈപുണ്യ വികസന മിഷനും (SSDM) ദേശീയ നൈപുണ്യ വികസന കോർപറേഷനും (NSDC) അനുബന്ധ അന്വേഷണ ഏജൻസികളും ഉറപ്പാക്കുന്നു.

## MIS മുഖേനയുള്ള നിരീക്ഷണവും വിലയിരുത്തലും

പി.എം.കെ.വി.വൈ. 2.0 ന്റെ ഭാഗമായി എസ്.എസ്.ഡി.എം. നടത്തുന്ന നിരീക്ഷണത്തിന്റെയും സാമ്പത്തിക നിർവഹണത്തിന്റെയും പ്രധാന ഉദ്ദേശ്യങ്ങൾ ഇനി പ്പറയുന്നു:

PMKVY 2.0 വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി പങ്കാളികൾ, പ്രത്യേകിച്ച് പരിശീലനകേന്ദ്രങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളും അനുവർത്തനവും ഒരു ഐ.ടി. അധിഷ്ഠിത സംവിധാനത്തിലൂടെ വിലയിരുത്തുക

പരിശീലനദാതാക്കൾക്കുള്ള ധനവിതരണ സംവിധാനത്തിന്റെ നിയന്ത്രണം ഏറ്റെടുക്കൽ. PMKVY 2.0 ന്റെ സുഗമമായ നടത്തിപ്പിലേക്ക് ധനവിനിയോഗം കാര്യക്ഷമമായി നിയന്ത്രിക്കേണ്ടത് സംസ്ഥാന സർക്കാരാണ്.

പ്രധാനപ്പെട്ട നടപടിക്രമങ്ങളെ നിരീക്ഷിച്ച് പദ്ധതിയുടെ സമഗ്രമായ വിജയത്തിന് ആവശ്യമായ തിരുത്തലുകൾ വരുത്തുക.

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ ഭാവിപദ്ധതി രൂപീകരിക്കുക.

PMKVY 2.0 മാർഗനിർദ്ദേശങ്ങൾ അനുശാസിക്കും പ്രകാരം പരിശീലനവിവരങ്ങൾ ഓരോ പരിശീലനദാതാവും സ്കിൽ ഡെവലപ്മെന്റ് മാനേജ്മെന്റ് സിസ്റ്റത്തിലും (Skill Development Management System) സ്മാർട്ട് മാനേജ്മെന്റ് ഇൻഫർമേഷൻസിസ്റ്റത്തിലും (SMART MIS) സമർപ്പിക്കേണ്ടതാണ്.

## മൂല്യനിർണയവും സർട്ടിഫിക്കേഷനും

### മൂല്യനിർണയം

SSCകളോ നാഷണൽ സ്കിൽ സർട്ടിഫിക്കേഷൻ ബോർഡോ ആണ് അസസ്മെന്റ് ഏജൻസികളുടെ പട്ടിക തയ്യാറാക്കുക. മൂല്യനിർണയം എങ്ങനെ വേണമെന്നതു സംബന്ധിച്ച വിശദമായ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നത് എസ്.എസ്.സി. ആയിരിക്കും. മൂല്യനിർണയം നടത്തുന്ന അസസ്സർമാർക്കെല്ലാം ആധാർ കാമ്പർ നിർബന്ധമായും ഉണ്ടായിരിക്കണം. മാത്രമല്ല അസസ്മെന്റ് നടക്കുമ്പോൾ തിരിച്ചറിയൽ രേഖ (ആധാർ കാർഡും ഫോട്ടോ പതിച്ച മറ്റൊരു ഐഡി കാർഡും അഭികാമ്യം) ഹാജരാക്കുകയും വേണം. മൂല്യനിർണയ പ്രക്രിയകളെ വീഡിയോയിൽ ചിത്രീകരിക്കുന്നതും ഉത്തമമാണ്. പി.എം.കെ.വി.വൈ. പ്രകാരം മൂല്യനിർണയം നടത്താൻ വൈകിയാൽ ബന്ധപ്പെട്ട പരിശീലനദാതാവും എസ്.എസ്.സി.യും പിഴയായി ട്രെയിനിംഗ് തുകയുടെ/അസസ്മെന്റ് ഫീയുടെ (ബാധകമായത്) ഒരു വിഹിതം വൈകുന്ന ഓരോ ദിവസവും ഒടുക്കേണ്ടതാണ്.

മൂല്യനിർണയം വിജയകരമായി പിന്നിടുന്ന പരിശീലനാർത്ഥികൾക്കെല്ലാം ഗ്രേഡ് രേഖപ്പെടുത്തിയ സർട്ടിഫിക്കേറ്റ് അതത് SSCകൾ നൽകുന്നതാണ്.

| ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് പ്രകാരമുള്ള ലെവൽ (NSQF Level) | അംഗീകാരം നേടാൻ വേണ്ട കുറഞ്ഞ ശതമാനം | |
|---|---|---|
| | സാങ്കേതികവിഷയം (Technical QP) | ഇതരവിഷയം (Non Technical QP) |
| 1, 2, 3 | 50% | 50% |
| 4നും അതിന് മുകളിലും | 70% | 70% |

സർട്ടിഫിക്കേറ്റ് കരസ്ഥമാക്കുന്ന പരിശീലനാർത്ഥികളെ പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജനയിൽ (PMSBY) ഉൾപ്പെടുത്തി ഇൻഷുറൻസ് പരിരക്ഷ നൽകേണ്ടതാണ്.

ഓരോ ബാച്ചിലും ഇത്തരത്തിൽ പേരുചേർക്കപ്പെടുന്ന പരിശീലനാർത്ഥികൾക്കാവശ്യമായ ഇൻഷുറൻസ് പ്രീമിയം പരിശീലനകേന്ദ്രമാണ് ഒടുക്കേണ്ടത്.

നടപടിക്രമങ്ങൾ സുതാര്യവും സുവ്യക്തവുമായിരിക്കണം എന്നതിനാൽ മൂല്യനിർണയ ഏജൻസികളും പരിശീലനദാതാക്കളും വ്യത്യസ്തങ്ങളായിരിക്കും. ഇവ പരസ്പരം കൂടിക്കലരാതെ നോക്കുന്നതാണ്.

**സർട്ടിഫിക്കേഷൻ**

എല്ലാ കോഴ്സുകളും ദേശീയ സ്കിൽസ് ക്വാളിഫിക്കേഷൻസ് ഫ്രെയിംവർക്കിന് വിധേയമായിരിക്കണം. സർട്ടിഫിക്കറ്റ് നൽകുന്നത് ബന്ധപ്പെട്ട SSCകളാണ്. മൂല്യനിർണയത്തിൽ വിജയികളാവുന്നവർക്ക് ചുവടെ പറയും പ്രകാരം ഗ്രേഡ് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്.

| ഗ്രേഡ് | സ്കോർനിലവാരം (Technical QP) | സ്കോർനിലവാരം (Non Technical QP) |
|---|---|---|
| | NSQF Level 1, 2 & 3 | |
| A | 85%വും അതിന് മുകളിലും | 85% വും അതിന് മുകളിലും |
| B | >70% മുതൽ <85% | >70% മുതൽ <85% |
| C | 50% മുതൽ 70% | 50% മുതൽ 70% |
| NSQF Level 4 & above | | |
| A | 85% വും അതിന് മുകളിലും | 85% വും അതിന് മുകളിലും |
| B | >70% മുതൽ <85% | >70% മുതൽ <85% |

## പുനർമൂല്യനിർണയം (Re-Assessment of Candidates)

തോൽക്കുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന പരിശീലനാർത്ഥിക്ക് സ്കീമിന്റെ കാലാവധിക്കുള്ളിൽ പുനർമൂല്യനിർണയത്തിന് വിധേയമാകാം. ഈ സാഹ

ചര്യത്തിൽ പുനർമൂല്യനിർണയത്തിനുള്ള ഫീസ് എസ്.എസ്.സി. മുമ്പാകെ പരിശീലനദാതാവ് ഒടുക്കേണ്ടതാണ്. മാത്രമല്ല പരാജിതരായ പരിശീലനാർത്ഥികളെ ആർജ്ജിത വിജ്ഞാന (RPL) മൂല്യനിർണയത്തിൽ പങ്കെടുക്കാൻ പ്രേരിപ്പിക്കുകയും വേണം.

## തൊഴിൽ മാർഗനിർദേശങ്ങൾ (Placement Guidelines)

തങ്ങൾ സൃഷ്ടിക്കുന്ന നൈപുണ്യശേഷിയുള്ള തൊഴിലാളികളുടെ അഭിരുചിയും അഭിലാഷങ്ങളും അറിവും വിപണിയിലെ ആവശ്യവും തൊഴിലവസരങ്ങളും തമ്മിൽ സൃഷ്ടിപരമായി ബന്ധിപ്പിക്കുക എന്നതാണ് PMKVYയുടെ ലക്ഷ്യം. അതിനാൽ പദ്ധതിയിൻ കീഴിൽ പരിശീലനവും സർട്ടിഫിക്കറ്റും കരസ്ഥമാക്കിയ എല്ലാ പരിശീലനാർത്ഥികൾക്കും തൊഴിലവസരം നേടിക്കൊടുക്കാൻ PMKVY പരിശീലന കേന്ദ്രങ്ങൾ പ്രതിജ്ഞാബദ്ധമാണ്. സംരംഭകത്വ വികസനത്തിനും പരിശീലനകേന്ദ്രങ്ങൾ സഹായിക്കേണ്ടതാണ്.

പരിശീലന ദാതാക്കൾ ആറുമാസത്തിൽ ഒരിക്കൽ നിർബന്ധമായും തൊഴിൽ മേള നടത്തേണ്ടതും തൽസംബന്ധമായി നല്ല പ്രചാരം മാധ്യമങ്ങളിലും മറ്റും സൃഷ്ടിക്കേണ്ടതുമാണ്. യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകാൻ സന്നദ്ധമായിട്ടുള്ള നാല് കമ്പനികളെങ്കിലും പ്രസ്തുത തൊഴിൽ മേളയിൽ പങ്കെടുത്തിരിക്കേണ്ടതുമാണ്.

## പരിശീലനവും സർട്ടിഫിക്കേഷനും ശേഷം തൊഴിൽസാധ്യത കുറഞ്ഞു പോയാലുള്ള ഭവിഷ്യത്തുകൾ എന്തൊക്കെയാണ്?

- PMKVY 2.0യുടെ പ്രധാനപ്പെട്ട ഗുണഫലമാണ് തൊഴിൽ ലബ്ധി. സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ പരിശീലനാർത്ഥികളിൽ 70% ന് തൊഴിൽ നേടിക്കൊടുക്കാൻ പരിശീലന ദാതാക്കൾ പരിശ്രമിക്കേണ്ടതാണ്. കുറഞ്ഞത് 50% ത്തിനെങ്കിലും തൊഴിൽ നേടിക്കൊടുക്കാൻ കഴിയാതെ വന്നാൽ ലഭിക്കേണ്ട തുകയുടെ 20% നിഷേധിക്കപ്പെടും എന്നു മാത്രമല്ല, പിന്നീട് പരിശീലന ടാർഗറ്റ് ലഭിക്കുകയുമില്ല.
- ഇതിനു പുറമെ, തൊഴിൽ ലബ്ധി തുലോം കുറഞ്ഞിരുന്നാൽ സംസ്ഥാന നൈപുണ്യ വികസന മിഷൻ (SSDM) ഉചിതമായ തിരുത്തൽ നടപടികൾ സ്വീകരിക്കാനും കഴിയും.

## പരിശീലന ദാതാവിന് പരമാവധി തൊഴിൽ ലഭ്യത എങ്ങനെ ഉറപ്പാക്കാനാവും?

ടാർഗറ്റ് അനുവദിച്ചു കിട്ടിയാലുടൻ വിപണിയിലെ ആവശ്യവും പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനവുമൊക്കെ മനസ്സിലാക്കിക്കൊണ്ട് വേണം പരിശീലന ദാതാവ് ഗുണഭോക്താക്കളെ സമാഹരിക്കാൻ. വ്യവസായ മേഖലയിലെ മുൻനിര തൊഴിൽദാതാക്കളുമായും PMKVY 2016-2020 നിഷ്കർഷിക്കുന്ന തൊഴിൽ മാർഗനിർദേശങ്ങൾ പ്രകാരമുള്ള രേഖകൾ നൽകാൻ കഴിവുള്ള പ്രാദേശിക തൊഴിൽദാതാക്കളുമായും നല്ല ബന്ധം സ്ഥാപിക്കണം.

## യോഗ്യരായ പരിശീലന പങ്കാളികൾ

സ്വകാര്യ പരിശീലനപങ്കാളികളും കോർപറേറ്റുകളും സർക്കാർ നിയന്ത്രണത്തിലുള്ള കേന്ദ്രങ്ങളും ഉൾപ്പെടെ എല്ലാ പരിശീലനകേന്ദ്രങ്ങളും മാർഗനിർദേശങ്ങൾ അനുശാസിക്കും പ്രകാരമുള്ള അംഗീകാര-അഫിലിയേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിരിക്കേണ്ടതാണ്.

സ്കീം സംബന്ധിച്ച മാർഗനിർദേശങ്ങൾ ഏത് വേളയിലും മാറ്റാനുള്ള അവകാശം കേന്ദ്ര നൈപുണ്യ വികസന സംരഭകത്വ മന്ത്രാലയത്തിന് ഉണ്ടായിരിക്കും. മാറ്റങ്ങളെല്ലാം പി.എം.കെ.വി.വൈ.യുടെ www.pmkvyofficial.org എന്ന ഔദ്യോഗിക വെബ്സൈറ്റിൽ പ്രദർശിപ്പിച്ചിട്ടുണ്ടാവും. ബന്ധപ്പെട്ടവരെല്ലാം പ്രസ്തുത വെബ്സൈറ്റ് സ്ഥിരമായി പരിശോധിക്കേണ്ടതാണ്.

## ടാർഗറ്റ് വിതരണം (Target Allocation)

കൃത്യമായ ഇടവേളകളിൽ വിലയിരുത്താനുള്ള സൗകര്യം ഏർപ്പെടുത്തിക്കൊണ്ട് പരിശീലനകേന്ദ്രങ്ങൾക്ക് ദീർഘകാല ടാർഗറ്റുകൾ നൽകാവുന്നതാണ്.

സംസ്ഥാന SSDM-ആണ് ടാർഗറ്റ് അനുവദിക്കുന്നത്.

പരിശീലന കേന്ദ്രത്തിൽ നിങ്ങളുടെ ഗുണമേന്മ സംബന്ധിച്ച് NSDCയും സെന്റർ അക്രഡിറ്റേഷൻ & അഫിലിയേഷൻ കമ്മിറ്റിയും (CAAC) നൽകുന്ന നക്ഷത്രചിഹ്നങ്ങളെ അടിസ്ഥാനമാക്കി ടാർഗറ്റുകളിൽ ഉചിതമായ മാറ്റം വരുത്താൻ സംസ്ഥാന SSDM ന് അധികാരമുണ്ടായിരിക്കും.

പരിശീലനമേന്മ, ലഭ്യമായ അടിസ്ഥാനസൗകര്യങ്ങൾ, പരിശീലനത്തിനുള്ള ശേഷി, സ്വന്തം കേന്ദ്രമാണോ അതോ ഫ്രാഞ്ചൈസിയാണോ എന്നത്, മുൻകാല പ്രകടനങ്ങൾ, ഭൂമിശാസ്ത്രപരമായ സ്ഥാനം തുടങ്ങി ബന്ധപ്പെട്ട ഘടകങ്ങളെല്ലാം പരിഗണിക്കുന്നതാണ്.

പരിശീലനകേന്ദ്രം സന്ദർശിച്ച് വിലയിരുത്തിയ ശേഷം സംസ്ഥാന SSDM PMU സമർപ്പിക്കുന്ന റിവ്യൂ റിപ്പോർട്ടും ടാർഗറ്റ് നിർണയത്തിൽ പരിഗണിക്കുന്നതാണ്.

സംസ്ഥാന-ജില്ലാ തലങ്ങളിൽ ആവശ്യമായ നൈപുണ്യശേഷിയെ ആസ്പദമാക്കിയുള്ള ടാർഗറ്റാണ് നിശ്ചയിക്കേണ്ടത്.

സ്കീമിന്റെ ആവശ്യങ്ങൾക്ക് അനുസരിച്ച് ടാർഗറ്റ് അനുവദിക്കുന്ന രീതിക്കും മാറ്റം വരാം.

**ചുരുക്കപട്ടിക** (Shortlist) **തയ്യാറാക്കൽ**: ഓരോ കേന്ദ്രത്തിന്റെയും സേവനപരിധി, സെക്ടർ, 3000 ചതുരശ്രഅടിയിൽ കൂടുതൽ സ്ഥലം എന്നിവയൊക്കെ ഉറപ്പാക്കിക്കൊണ്ടാണ് അക്രഡിറ്റേഷനും അഫിലിയേഷനും നേടിയിട്ടുള്ള പരിശീലനകേന്ദ്രങ്ങൾക്ക് ടാർഗറ്റ് അനുവദിക്കുക.

PMKVYയുടെ നിരീക്ഷണ മാർഗ്ഗനിർദേശങ്ങൾ അനുസരിച്ച് ഓരോ പരിശീലന കേന്ദ്രത്തെയും വിലയിരുത്തി മൂല്യനിർണയം നടത്തുന്നതാണ്.

എത്ര PMKVY ക്ലാസ്മുറികൾ ലഭ്യമാണ്; തൊഴിലവസരങ്ങളുടെ എണ്ണം /SSC അഫിലിയേഷൻ; ഓരോ തൊഴിലിനും എത്ര കോഴ്സ് മണിക്കൂർ (ഉദ്ദേശ്യം 200 മണിക്കൂറുകൾ) സർട്ടിഫൈഡ് പരിശീലകരുടെ എണ്ണം എന്നതിനെ ആശ്രയിച്ചാണ് പരിശീലന കേന്ദ്രത്തിന്റെ ശേഷി കണക്കാക്കുന്നത്.

ചുവടെ പറയുന്ന അനുമാനങ്ങളോടെയാണ് ടാർഗറ്റ് അനുവദിക്കുക:

ദിനംപ്രതിയുള്ള പ്രവർത്തന മണിക്കൂറുകൾ: 8 മണിക്കൂർ

ഓരോ ബാച്ചിനും ദിനംപ്രതി പ്രവർത്തന മണിക്കൂറുകൾ: 4 മണിക്കൂർ (തിയറിക്കും പ്രാക്ടിക്കലിനും 2 മണിക്കൂർ വീതം)

തൊഴിലിനെ അടിസ്ഥാനമാക്കി ക്ലാസ്മുറികൾ, ലാബുകൾ എന്നിവയുടെ എണ്ണം – ഏതാണോ കുറവ്, അത്.

ഒരു തൊഴിലിന് SSC നിഷ്കർഷിച്ചിരിക്കുന്ന മൊത്തം മണിക്കൂറുകൾ

കേന്ദ്ര നൈപുണ്യ വികസന സംരഭകത്വ മന്ത്രാലയവും (MSDE) ദേശീയ നൈപുണ്യ വികസന കോർപറേഷനും (NSDC) കാലാകാലങ്ങളിൽ മാറ്റം വരുത്തിക്കൊണ്ടിരിക്കും. എന്നതിനാൽ മാർഗനിർദേശങ്ങളുടെ ഏറ്റവും പുതിയ പതിപ്പ് ലഭിക്കുന്നതിന് ചുവടെ പറയുന്ന വെബ്സൈറ്റുകൾ നിരന്തരം സന്ദർശിക്കുക:

http://www.pmkvyofficial.org/Index.aspx (PMKVY മാർഗനിർദേശങ്ങൾക്ക്)

http://www.skilldevelopment.gov.in/notification.html (പൊതുമാനദണ്ഡ രേഖ ലഭിക്കാൻ)

മാർഗരേഖകൾ, തൊഴിൽ, അറിയിപ്പുകൾ തുടങ്ങി സംസ്ഥാനങ്ങൾക്ക് ബാധകമായ PMKVY വിവരങ്ങളും രേഖകളുമെല്ലാം കേന്ദ്ര നൈപുണ്യവികസന സംരഭകത്വ മന്ത്രാലയം (Ministry for Skills Development and Entrepreneurship - MSDE) ദേശീയ നൈപുണ്യവികസന കോർപറേഷൻ (National Skills Development Corporation - NSDC) എന്നിവയുടെ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

| ക്രമ നമ്പർ | രേഖകൾ | ഓൺലൈൻ ലിങ്ക് |
|---|---|---|
| 1 | PMKVY മാർഗരേഖകൾ (2016-2020) | http://pmkvyofficial.org/App_Documents/News/PMKVY%20Guidelines%20(2016-2020).pdf |
| 2 | നൈപുണ്യവ്യവസ്ഥയെ (Skill Ecosystem) സംബന്ധിച്ച മാർഗരേഖകൾ | http://pmkvyofficial.org/App_Documents/News/Guidelines%20for%20Skill%20Ecosystem.pdf |
| 3 | ഉപകരണങ്ങളുടെ വിവരം, പരിശീലകരുടെ യോഗ്യതകൾ- തൊഴി ലിന് അനുസൃതമായ ലാബുകളുടെ വിസ്തൃതി – തൊഴിലിന് ആവശ്യമായ അക്രഡിറ്റേഷൻ ഗ്രേഡിങ് മെട്രിക്സ് – നൈപുണ്യവ്യവസ്ഥ സംബന്ധിച്ച മാർഗനിർദേശങ്ങൾ | http://smart.nsdcindia.org/knowledge_bank.aspx |
| 4 | ബ്രാൻഡിങ്, പ്രചാരണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ | http://pmkvyofficial.org/App_Documents/News/PMKVY%20Branding%20and%20Communication%20Guidelines%2018th%20July%202016.pdf |
| 5 | 'ദിശ' മാർഗരേഖകൾ(DISHA Guidelines) | http://rural.nic.in/netrural/rural/sites/downloads/Monitoring/Disha_Guidelines_English.PDF |
| 6 | ബോർഡിങ് സംബന്ധിച്ചുള്ള ആധാർ അധിഷ്ഠിത ബയോമെട്രിക് ഹാജർ സംവിധാനത്തിൽ പാലിക്കേണ്ട PMKVY 2.0 നടപടിക്രമം | http://skill.attendance.gov.in/assets/doc/PMKVY_AEBAS_Guidelines.pdf |
| 7 | ബോർഡിങ് സംബന്ധിച്ചുള്ള ആധാർ അധിഷ്ഠിത ബയോമെട്രിക് ഹാജരിന്റെ അംഗീകാരവുമായി ബന്ധപ്പെട്ട (On Boarding Biometric Attendance Authentication System) PMKVY 2.0 നടപടിക്രമം | http://www.pmkvyofficial.org/App_Documents/News/Nodal%20Officer%20Manual_AEBAS_PMKVY2.pdf |
| 8 | സമൂഹമാധ്യമ മാർഗരേഖകൾ (Social Media Guidelines) | http://www.pmkvyofficial.org/App_Documents/News/SocialMedia_Guidelines.pdf |
| 9 | പൊതുമാനദണ്ഡ രേഖകൾ (Process to be followed for Procuring Trainee Handbooks) | http://www.skilldevelopment.gov.in/assets/images/Notification/Common%20Norms%20Notification.pdf |
| 10 | പരിശീലനാർത്ഥികളുടെ കൈപ്പുസ്തകം ലഭിക്കുന്നതിനുള്ള നടപടിക്രമം (Process to be followed for procuring Trainee Handbooks) | http://pmkvyofficial.org/App_Documents/News/Process-to-be-followed-for-Trainee-Handbooks-02-01-2018.pdf |

**കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്,**
3rd ഫ്ലോർ, കാർമൽ ടവേഴ്സ്,
വഴുതയ്ക്കാട്, തിരുവനന്തപുരം - 695014
ഫോൺ: +91 4712 735 949
Email: kase.pmkvy@gmail.com
www.kase.in

KASE
KERALA ACADEMY FOR SKILLS EXCELLENCE
Skill Development Mission of Government of Kerala

**സംസ്ഥാന നൈപുണ്യ വികസന മിഷൻ**
**തൊഴിലും നൈപുണ്യവും വകുപ്പ്**
**കേരള സർക്കാർ**